അക്ഷരങ്ങളെ ചിലങ്കയണിയിച്ചവൾ

മാളവിക എസ്

രണ്ട് പതിറ്റാണ്ടിലേറെയായി ഭരതനാട്യ വേദികളിലെ നിറസാന്നിധ്യം, സംഗീതത്തിലെ അഭിരുചിയും എഴുത്തിലെ വൈദഗ്ധ്യവും നൃത്തത്തിൽ ഇടകലർത്തി പ്രേക്ഷക മനസ്സിൽ ഇടംപിടിച്ച പ്രതിഭ, ഡോ. രാജശ്രീ വാര്യർ. നൃത്തച്ചുവടുകളുടെ ചൈതന്യഭാവം മാത്രമല്ല ശുദ്ധമായ ഭാഷയുടെ നിലാവെളിച്ചം കൂടിയാണ് രാജശ്രീയുടെ നൃത്ത സംവിധാനം. എഴുത്തിനോടും വായനയോടുമുള്ള അഭിനിവേശം മാധ്യമപ്രവർത്തന മേഖലയിലേയ്ക്കും ഈ നർത്തകിയെ അടുപ്പിച്ചു.

ജേർണലിസത്തിൽ തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ നിന്ന് പിജി ഡിപ്ലോമ കരസ്ഥമാക്കി.

ഏഷ്യാനെറ്റ്, ഡിഡി കേരള, അമൃത ടിവി എന്നീ ചാനലുകളിൽ പ്രവർത്തിച്ചു. ഭാഷയ്ക്ക് നൃത്തത്തിലെന്ത് കാര്യം, സംഗീതമല്ലേ പ്രധാനം, ഈ ചോദ്യത്തിനുള്ള ഉത്തരമാണ് ഡോ. രാജശ്രീ വാര്യർ.

നൃത്തത്തിൽ സംഗീതത്തെയും ഭാഷയെയും സമന്വയിപ്പിച്ചുള്ള ആവിഷ്കാരരീതി പിന്തുടരുന്ന ചുരുക്കം ചില നർത്തകരിലൊരാളാണ് ഈ അതുല്യ കലാകാരി.

എഴുത്തും, സംഗീതവും, നൃത്തവും ചേർന്ന തന്റെ ജീവിതത്തെപ്പറ്റി ജാലകത്തോട് മനസ്സ് തുറക്കുകയാണ് ഡോ. രാജശ്രീ വാര്യർ.

ഭാഷയ്ക്ക് നൃത്തത്തിലുള്ള സ്വാധീനം?

നാല് തരം അഭിനയമുള്ളതിൽ ഒന്ന് വാചികാഭിനയമാണ്. അതായത് നമ്മൾ കേൾക്കുന്ന പാട്ട്, പാട്ടിലെ വാക്കുകൾ, സംഗീതം ഇതെല്ലാം കൂടി ചേരുന്നതാണ് വാചികം. അതുകൊണ്ടുതന്നെ വാചികം പ്രധാനമാണ്. പക്ഷെ അതിനപ്പുറത്തേയ്ക്ക് നൃത്തത്തിലൂടെ ഭാഷയെ വളർത്താൻ സാധിക്കുന്നിടത്താണ് ഒരു നർത്തകിയുടെ കഴിവ്.

വാക്കിനെ എന്തായിട്ടാണ് പറയുന്നത് എന്നുള്ളതാണ് എന്റെ നൃത്തസംവിധാനം (choreography). അത് വേറൊരു വീക്ഷണമാണ്. എഴുതുന്നത് ഒന്ന് എഴുതിയതിനെ പറയുന്നത് വേറൊന്ന്.

രാജ ശോഭ....ഡോ.രാജശ്രീവാര്യർ നൃത്താവതരണത്തിനിടെ

നാട്ടുമൊഴിയെപ്പറ്റി?

നാട്ടുമൊഴി എന്ന് പറയുമ്പോൾ പ്രാദേശിക ഭാഷയാണ്. കേരളവും തമിഴ്നാടും ചേരുന്ന അതിർത്തിയിൽ സംസാരിക്കുന്ന ഒരു തമിഴുണ്ട്. ശരീരത്തിന്റെ ഭാഷയിലൂടെ ഈ പ്രാദേശിക ഭാഷ എങ്ങനെയാണ് വരുന്നത് എന്നുള്ള കണ്ടെത്തലായിരുന്നു അത്.

പ്രാദേശികമായ എല്ലാത്തിനും ഒരു തനിമയുണ്ടാകും. അത് കളഞ്ഞുകൊണ്ട് ഒന്നിനെ ക്രമീകരിക്കുക എന്ന് പറയുന്നത് സാംസ്കാരികമായി സാധ്യമല്ല.

ഒരുപാട് സ്വാതന്ത്ര്യം തരുന്ന, എന്നാൽ കെട്ടുപാടുകൾ ഒന്നുമില്ലാത്ത ഭരതനാട്യം പോലെയുള്ള ഒരു ദക്ഷിണേന്ത്യൻ നൃത്തരൂപത്തിലൂടെ എങ്ങനെ എനിക്കത് ചെയ്യാൻ പറ്റുമെന്നുള്ള ഒരു ശ്രമമായിരുന്നു നാട്ടുമൊഴി. വരികൾ ഞാൻ തന്നെയാണ് എഴുതിയത്.

എന്താണ് നാട്ടുമൊഴിയെ വ്യത്യസ്തമാക്കുന്നത്?

നാട്ടുമൊഴി ഒരു കാലഘട്ടത്തെപ്പറ്റി ചെയ്ത ഒരു പ്രോജക്ട് ആയിരുന്നു. ഓടി നടന്ന് കത്ത് കൊടുക്കുന്ന തപാൽകാരൻ വരെ അതിലെ കഥാപാത്രമാണ്.

നാട്ടുമൊഴിയുടെ ഭാഗമായി ചെയ്ത ഒരു പ്രധാന വർക്ക് 'ഭഗോതിചിന്ത്' ആണ്. നൃത്തത്തിന്റെ വാചികാഭിനയമായിട്ട് പ്രാദേശികമായ ഒന്നിനെ എങ്ങനെ കൊണ്ടുവരാൻ പറ്റുമെന്നുള്ള ഒരു അന്വേഷണം എപ്പോഴും എനിക്കുണ്ടായിരുന്നു.

പ്രാദേശികമായി എങ്ങനെ നൃത്തത്തെ കൂടുതൽ ഭംഗിയുള്ളതാക്കാമെന്ന് നാട്ടുമൊഴിയിലൂടെ എനിക്ക് കാണിക്കാൻ സാധിച്ചു.

രാമനെയും കൃഷ്ണനെയും കുറിച്ച് ഒരുപാട് നൃത്താവിഷ്കാരങ്ങളുണ്ട്.

എന്നാൽ നമ്മൾ ശ്രദ്ധിക്കാതെ പോകുന്ന കുറെ മനുഷ്യരുണ്ട്, മീൻ വിൽക്കുന്ന ഒരു സ്ത്രീയെയോ, മത്സ്യബന്ധനത്തിന് പോകുന്ന ഒരു പുരുഷനെയൊ, തെങ്ങുകയറ്റക്കാരനെയൊ, ഞാറു നടുന്നവരെയൊ കാണിക്കുമ്പോൾ ആ നൃത്തരൂപത്തിന് മാറ്റമുണ്ടാകും.

എഴുത്ത് നൃത്തത്തെ സ്വാധീനിച്ചിട്ടുണ്ടോ?

എഴുത്ത് എനിക്ക് വളരെ പ്രധാനമാണ്. കാലങ്ങളായി ചെയ്തുവച്ചിരിക്കുന്ന ഒരു വർണം കമ്പോസ് ചെയ്യാനായി ഞാൻ എടുക്കുകയാണെങ്കിൽ പോലും എനിക്ക് എന്റേതായ ഒരു സ്ക്രിപ്റ്റ് ഉണ്ടാകും. എനിക്കെപ്പോഴും എഴുത്താണ് ആദ്യം വരിക. എന്റെ സ്വന്തം കോംപൊസിഷൻ ആയ 'ശിഖണ്ഡി കൗത്വം' എഴുതിയത് മലയാളികൾ സംസാരിക്കുന്ന ഒരു തരം തമിഴിലാണ്. അത് വാക്യമായിട്ടുള്ള എഴുത്താണ്. അതിനെ എങ്ങനെ ദൃശ്യവൽക്കരിക്കണം എന്നുള്ളതും ഞാൻ ആദ്യം എഴുതാറാണ് പതിവ്.

തമിഴ് ഭാഷയിൽ എഴുതാനുള്ള കാരണം?

ഭരതനാട്യം പഠിക്കുന്നവർ എല്ലാവരും തമിഴ് നൃത്ത രചനകളാണ് ഗുരുവിന്റെ മുഖത്തു നിന്ന് പകർന്നെടുക്കുന്നത്. കൗത്വം എന്ന് പറയുന്നത് ഒരു നൃത്ത ഘടനയാണ്.

ആ ഘടനയിൽ ഒരു കാര്യം ചെയ്യാനൊരുങ്ങുമ്പോൾ അത് സ്വാഭാവികമായി ആ ഭാഷയിൽ വരാനുള്ള സാധ്യതയുണ്ട്.ആ സാധ്യതയെ ഞാൻ എതിർക്കാറില്ല എന്നതേയുള്ളു. എന്റെ വായനകളെല്ലാം നൃത്തത്തിൽ എത്താനുള്ളതല്ല. വായിക്കാനിഷ്ടമുള്ളതുകൊണ്ട് വായിക്കുന്നതാണ്.

ആശയാവിഷ്കരണത്തിലും നൃത്തസംവിധാനത്തിലും അസാമാന്യമായ കാഴ്ചപ്പാടുകളാൽ ശ്രദ്ധേയയായ ഡോ. രാജശ്രീ വാര്യരുടെ ആഴത്തിലുള്ള സംഗീത പരിജ്ഞാനവും എഴുത്തിലെ വൈദഗ്ധ്യവും സർഗ്ഗാത്മക സൃഷ്ടികൾക്ക് അപാരമായ സൗന്ദര്യം നൽകുന്നു.

മഴവിൽ രാജ്യാന്തര ചലചിത്രമേളയ്ക്ക് ഓഗസ്റ്റിൽ തുടക്കം

അബു ഫിലിപ്പ്

കോട്ടയം: അക്ഷര നഗരിയുടെ സിനിമാ സ്വപ്നങ്ങൾക്ക് ചിറകു നൽകാൻ മൂന്നാമത് വനിതാ ചലച്ചിത്ര മേള ഓഗസ്റ്റ് ഒൻപതിന് തുടക്കമാകും.

'മഴവില്ല്' വനിത ഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മൂന്ന് ദിവസങ്ങളിലായി നടക്കുന്ന മേളയ്ക്ക് വേദിയാവുന്നത് കോട്ടയം അനശ്വര തിയേറ്ററാണ്.

വിദേശ ചിത്രങ്ങളടക്കം പന്ത്രണ്ട് ചിത്രങ്ങളാണ് മേളയിൽ പ്രദർശിപ്പിക്കുന്നത്.

സിനിമ, സാംസ്കാരിക മേഖലകളിലെ പ്രധാന വ്യക്തികൾ നയിക്കുന്ന സെമിനാറുകളും മേളയോടനുബന്ധിച്ചുണ്ടാകും.

വിദ്യാർഥികൾക്ക് 100 രൂപയും അല്ലാത്തവർക്ക് 300 രൂപയുമാണ് ഡെലിഗേറ്റ് പാസിന് ഈടാക്കുക.

പ്രദർശനം കാണാൻ അനവധി ആളുകൾ ഇക്കൊല്ലം എത്തുമെന്ന പ്രതീഷയിലാണ് മഴവില്ല് വനിതാ ഫിലിം സൊസൈറ്റി ഭാരവാഹികൾ

ജലജീവികളുടെ ആവാസവ്യവസ്ഥ തിരിച്ചു പിടിക്കാൻ വിഴിഞ്ഞം തുറമുഖം

ജീവൻ ഓതറ

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യത്തിലേയ്ക്ക് അടുക്കുമ്പോൾ നഷ്ടപ്പെട്ട ജൈവസമ്പത്ത് തിരിച്ചു പിടിക്കാനൊരുങ്ങുകയാണ് അധികൃതർ.

തുറമുഖങ്ങളുടെ നിർമാണഘട്ടത്തിലെ പ്രധാന പ്രവർത്തനങ്ങളിലൊന്നായ ഡ്രെഡ്ജിങ് ഇവിടുത്തെ ജലജീവികളുടെ ആവാസവ്യവസ്ഥയെ തകിടംമറിച്ചിരുന്നു. പുലിമുട്ടുകൾ നിർമിച്ചാണ് നഷ്ടപ്പെട്ട സന്തുലിതാവസ്ഥ ഇപ്പോൾ തിരികെകൊണ്ടുവരുന്നത്.

നാല് കാലുകളുള്ള ടെട്രാപോഡെന്ന കോൺക്രീറ്റ് നിർമിതിയാണ് പുലിമുട്ടുകൾ. ഇവ വിഴിഞ്ഞം ഭാഗത്തെ കടലിൽ നിക്ഷേപിച്ചതിലൂടെ ജലജീവികൾക്ക് നഷ്ടപ്പെട്ട ആവാസവ്യവസ്ഥ കൃത്രിമ രീതിയിൽ തിരിച്ചു നൽകിയിരിക്കുകയാണ് നിർമാണകമ്പനി.


പ്രതീക്ഷയിലാണ്.....വിഴിഞ്ഞം തുറമുഖത്ത് മത്സ്യബന്ധനം നടത്തുന്ന ബോട്ടുകൾ

അതുകൊണ്ടുതന്നെ ഇവിടെയുള്ള മത്സ്യബന്ധനം മുൻപുള്ള രീതിയിൽ തുടരുന്നുണ്ടെന്ന് വിഴിഞ്ഞം അദാനി പോർട്ട് സുരക്ഷ, ഓട്ടോമേഷൻ വിഭാഗം മേധാവി രോഹിത് എസ് നായർ പറഞ്ഞു.

അലങ്കാര മത്സ്യങ്ങൾ , മുത്തുച്ചിപ്പി , കടൽചിപ്പികൾ ഇവയെല്ലാം യഥേഷ്ടം ലഭിക്കുമെന്നതാണ് വിഴിഞ്ഞത്തിന്റെ പ്രത്യേകത.

ഓഖിയിലും അവിചാരിതമായി വന്നുപോയ നിരവധി ചുഴലികളും ഏറ്റുവാങ്ങിയ മുറിവുകളുമായി തിരുവനന്തപുരം ജില്ലയുടെ 78 കിലോമീറ്റർ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ പ്രതീക്ഷയാണ് വിഴിഞ്ഞം തുറമുഖം .

വികസനത്തിന്റെ കാര്യത്തിൽ എത്തുമ്പോൾ പലയിടങ്ങളിൽ നിന്നുള്ള എതിർപ്പുകളും , വിയോജിപ്പുകളും പരിഹരിച്ചു കൊണ്ടുതന്നെ, പദ്ധതി അതിന്റെ പൂർണതയിൽ എത്തുകയാണ്.

ശ്രദ്ധിക്കൂ.....കുറച്ചുകൂടി കരുതലാകാം

സിബിന സണ്ണി

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖത്തെത്തുന്ന സഞ്ചാരികളുടെ ഇഷ്ടകേന്ദ്രമാണ് ഇവിടുത്തെ വിളക്കുമാടം.

നൂറുകണക്കിനാളുകളാണ് ദിനംപ്രതി ഇവിടേയ്ക്കെത്തുന്നത്. കൂട്ടത്തിൽ കൈക്കുഞ്ഞുങ്ങളുമായി എത്തുന്നവരുടെ എണ്ണവും നിരവധിയാണ്. വിളക്കുമാടത്തിന് മുകളിലേയ്ക്കുള്ള പടിക്കെട്ടുകളും, ഏറ്റവും മുകളിൽ നിന്നുള്ള ഇടുങ്ങിയ പടിക്കെട്ടും ദുർഘടം നിറഞ്ഞതാണ്.

വിളക്കുമാടത്തിന്റെ 'വ്യൂ പോയിന്റിൽ' ശക്തമായ കാറ്റാണ് അനുഭവപ്പെടാറുള്ളത്. ഇത് വകവെയ്ക്കാതെയാണ് പലരും കുട്ടികളുമായി ഇതിന് മുകളിലേയ്ക്കെത്തുന്നത്.

ഇവിടേയ്ക്കുള്ള പ്രവേശനാനുമതി പ്രായപരിധിയുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കേണ്ടത് അത്യാവശ്യമാണ്. ആളുകൾ സുരക്ഷ ഉദ്യോഗസ്ഥർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പലപ്പോഴും വിളക്കുമാടത്തിന് മുകളിലേയ്ക്ക് എത്താറുള്ളത്.

വിഴിഞ്ഞം വിളക്കുമാടം

ഇവിടെ അപകടങ്ങൾ തലനാരിഴയ്ക്ക് മാറി പോയിട്ടിട്ടുണ്ടെന്ന് സെക്യൂരിറ്റി ജീവനക്കാരനും പറയുന്നു.

വിഴിഞ്ഞത്ത് ആദ്യമടുക്കുന്നത് ചൈനീസ് കപ്പൽ


മനു ടി രാജു

തിരുവനന്തപുരം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തേയ്ക്കുള്ള ക്രെയിനുകളുമായി എത്തുന്ന ആദ്യകപ്പൽ ചൈനയിൽ നിന്ന്.

തുറമുഖത്തെത്തുന്ന ആദ്യകപ്പലായിരിക്കുമിതെന്ന് അദാനി പോർട്ട് സുരക്ഷ ഓട്ടോമേഷൻ വിഭാഗം മേധാവി രോഹിത് എസ് നായർ പറഞ്ഞു.

ഡോക്കിൽ സ്ഥാപിക്കാനുള്ള ക്രെയിനുകളാണിത്. ക്രെയിനുകൾ സ്ഥാപിച്ചതിന് ശേഷമാകും തുറമുഖത്ത് കണ്ടെയ്നർ കപ്പലുകൾ എത്തുക.

കേരള സർക്കാരിന്റെ അഭിമാന പദ്ധതിയായ വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യഘട്ടം 2023-ൽ ഓണത്തോടനുബന്ധിച്ചാണ് കമ്മീഷൻ ചെയ്യുക.

കഴിഞ്ഞ മാർച്ചിൽ ആദ്യകപ്പൽ തുറമുഖത്തെത്തുമെന്ന് മന്ത്രി അഹമ്മദ് ദേവർ കോവിൽ പറഞ്ഞിരുന്നു. കൊളംബോ പോർട്ടിൽ രൂപപ്പെട്ട അനിശ്ചിതത്വം അനുകൂലമായി മാറണമെങ്കിൽ എത്രയും വേഗം വിഴിഞ്ഞം തുറമുഖം പൂർത്തിയാക്കേണ്ടതുണ്ട്.


കപ്പൽ കാത്ത്.....വിഴിഞ്ഞം പദ്ധതി പ്രദേശം ചിത്രം: മനോരമ

നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അദാനി പോർട്ട് സിഇഒ കരൺ അദാനി മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയിൽ പാറയുടെ ലഭ്യത ഉറപ്പാക്കുമെന്ന് സർക്കാർ അറിയിച്ചിരുന്നു.

ഇതിനെ തുടർന്ന് ബ്രേക്ക് വാട്ടർ ഭിത്തിക്കായി ഒരു വർഷത്തേക്കുള്ള കല്ലുകൾ സംഭരിച്ച് കഴിഞ്ഞതായി രോഹിത് എസ് നായർ വ്യക്തമാക്കി.

ശ്രീലങ്കൻ പ്രതിസന്ധിയെ തുടർന്ന് തുറമുഖത്തിന് പുറത്ത് ക്രൂ ചെയ്ഞ്ചിനായി കപ്പലുകൾ നങ്കൂരമിടാറുണ്ട്. അതിനാൽ തുറമുഖത്ത് തിരമാലകൾ കുറയ്ക്കാനാണ് ബ്രേക്ക് വാട്ടർ നിർമിക്കുന്നത്.

പരിസരവാസികളായ സാധാരണക്കാർക്കും, അഭ്യസ്തവിദ്യർക്കും പരമാവധി തൊഴിലവസരങ്ങൾ ഒരുക്കും. പുനരധിവാസവുമായി ബന്ധപ്പെട്ട് പ്രദേശവാസികൾ ഉന്നയിച്ച ആവശ്യങ്ങളിൽ ഭൂരിഭാഗവും സർക്കാർ ഇതിനകം പരിഹരിച്ചിട്ടുണ്ട്. ശേഷിക്കുന്നത് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ഉടൻ പരിഹരിക്കുമെന്നും മന്ത്രി വ്യക്തമാക്കിയിരുന്നു.

വിശ്വരൂപം ഇനി രാജശില്പിക്ക്

ഐശ്വര്യ ടി എസ്

തിരുവനന്തപുരം: നടൻ മോഹൻലാലിനുവേണ്ടി നിർമിച്ച പതിനൊന്നു മുഖമുള്ള വിശ്വരൂപ ശില്പം പൂർത്തിയായി. ചൂതാട്ടവും ഗീതോപദേശവും മുതൽ സ്വർഗാരോഹണം വരെയുള്ള മഹാഭാരതത്തിലെ പ്രധാന രംഗങ്ങളെല്ലാം കൂറ്റൻ വിശ്വരൂപ ശില്പത്തിലുണ്ട്.

ഒരു വശത്ത് 11 മുഖമുള്ള വിശ്വരൂപവും മറുവശത്ത് പാഞ്ചജന്യം മുഴക്കുന്ന കൃഷ്ണനും ചുറ്റും ദശാവതാരവും കൊത്തിയെടുത്തിരിക്കുന്നു.

80 ലക്ഷം രൂപ മുതൽമുടക്കിൽ വെള്ളാറിലെ കലാ ഗ്രാമത്തിലാണ് ശില്പി വെള്ളാർ നാഗപ്പനും സഹായികളായ ഒൻപതു പേരും ചേർന്ന് ശില്പം പൂർത്തിയാക്കിയത്. മൂന്ന് വർഷമെടുത്താണ് ഇത് നിർമിച്ചത്. പൂർണ്ണമായും തടിയിലാണ് നിർമാണം.

ഈ മാസം മോഹൻലാലിന്റെ ചെന്നൈയിലെ വസതിയിലേക്ക് 12 അടി ഉയരമുള്ള വിശ്വരൂപ ശിൽപം കൊണ്ടുപോകും.

ഇതിനായി ശില്പം സൂക്ഷിച്ചിരിക്കുന്ന ആർട്ട് ഗ്യാലറിയിലെ മുറിയുടെ ഒരു ചുമർ പൂർണമായി പൊളിക്കേണ്ടിവരും.

'വിശ്വരൂപ'ത്തിനരികെ ശില്പിയോടൊപ്പം മോഹൻലാൽ

സാധ്യതകളേറെ, അവഗണനയും

എലിസബത്ത്

തിരുവനന്തപുരം: സർക്കാർ നിരവധി അവസരങ്ങൾ പ്രദാനം ചെയ്തിട്ടും കളിമൺ വ്യവസായത്തോട് മുഖം തിരിയ്ക്കുകയാണ് പുതുതലമുറ. നിലവിൽ മത്സരമില്ലാത്ത മേഖലയായതിനാൽ സാധ്യതകളേറെയാണ്.

പരിശീലനത്തോടൊപ്പം സർഗാത്മകത കൂടി ചേർന്നാൽ വേറിട്ടു നിൽക്കുന്നതാണ് ഈ കുടിൽ വ്യവസായം. എന്നാൽ ഈ മേഖലയിലെ സാധ്യതകൾ തിരിച്ചറിയാതെ പോകുകയാണ് യുവതലമുറ.

ഈ വ്യവസായത്തിന്റെ സാധ്യതകൾ യുവാക്കൾക്ക് പരിചയപ്പെടുത്താൻ സർക്കാർ പല പദ്ധതികൾ ആവിഷ്ക്കരിച്ചെങ്കിലും ഇതുവരെ വിജയിച്ചിട്ടില്ല.

അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യമാണ് കളിമൺ വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളി. കേരളത്തിലെ നദികളിലും, ഡാമുകളിലും, വയലുകളിലും, കളിമൺ ലഭിക്കുന്നുണ്ടെങ്കിലും ഇത് തൊഴിലാളികളിലേയ്ക്കെത്തുന്നില്ല

വയനാട്ടിൽനിന്നും തമിഴ്നാട്ടിൽനിന്നുമാണ് ഇപ്പോൾ കളിമൺ വ്യവസായത്തിനാവശ്യമായ മണ്ണെത്തിക്കുന്നത്. അമരവിള, നെയ്യാറ്റിൻകര ഭാഗങ്ങളിൽ കളിമണ്ണ് ലഭിക്കും.

ഇവിടെ നിന്ന് മണ്ണെടുക്കാൻ അനുവാദം ലഭിച്ചിട്ടുണ്ടെങ്കിലും കുടിൽ വ്യവസായത്തിനാവശ്യമായ കളിമണ്ണ് പോലും മറ്റ് സ്വകാര്യ കമ്പനികൾ കൈയടക്കുന്നുവെന്നാണ് കോവളം ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിലെ മാസ്റ്റർ ക്രാഫ്റ്റ്സ്മാൻ ഷിനു പ്രസാദ് പറയുന്നത്.

സമൂഹമാധ്യമങ്ങളിലൂടെ അടുത്തകാലത്തായി പുതുതലമുറ ഈ മേഖലയിൽ താല്പര്യം കാണിച്ചു തുടങ്ങിയിട്ടുണ്ട്. എന്നാൽ തൊഴിലിലെ സ്ഥിരതയില്ലായ്മയാണ് ഇവർക്ക് തടസമാകുന്നത്.

പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിലൂടെ കളിമൺ വ്യവസായത്തിന്റെ സാധ്യതകൾ വർധിക്കുകയാണ്.

പ്രീ സ്കൂൾ മുതൽ കുട്ടികൾക്ക് കുടിൽവ്യവസായം പരിശീലിപ്പിച്ചാൽ അത് അന്യം നിന്ന് പോകുന്ന തൊഴിൽ മേഖലയ്ക്ക് ഊർജമാകുമെന്നാണ് ഈ മേഖലയിലെ തൊഴിലാളികൾ പറയുന്നത്.

കരവിരുതുകൾക്കായൊരിടം

തിരുവനന്തപുരം : ഓണസമ്മാനമായി കരകൗശല ഉത്പന്നങ്ങൾ ആവശ്യക്കാർക്ക് തപാലിലൂടെ എത്തിക്കുക ലക്ഷ്യമാക്കി 'ഗിഫ്റ്റ് എ ട്രെഡിഷൻ' പദ്ധതിയുമായി ആർട്സ് ആൻഡ് ഹാൻഡ്ക്രാഫ്റ്റ് വില്ലേജ്. ഇന്ത്യൻ തപാലുമായി ചേർന്ന് നടത്തുന്ന പദ്ധതി ഓഗസ്റ്റ് ആദ്യവാരം ഉദ്ഘാടനം ചെയ്യും. വില്ലേജിലെ 28 ഷോറൂമുകളിൽ നിന്ന് ആയിരം മുതൽ 24000 രൂപ വരെ വിലവരുന്ന വിവിധതരം കരകൗശല വസ്തുക്കളാണ് ആവശ്യക്കാർക്ക് ലഭ്യമാകുക. കോവിഡ് സമയത്ത് തപാൽ മാർഗം കരകൗശല ഉത്പന്നങ്ങൾ ആളുകളിലേക്കെത്തിച്ചത് വിജയമായതിനെ തുടർന്നാണ് ഇത്തരത്തിലൊരു പദ്ധതിക്ക് രൂപം നൽകിയത്. വില്ലേജിലെ ഉത്പന്നങ്ങൾ കൂടുതൽ ആളുകളിലേയ്ക്കെത്തുന്നത് കരകൗശല നിർമാണ മേഖലക്ക് ഗുണകരമാകുമെന്നു വില്ലേജ് കോർഡിനേറ്റർ സുർജിത് പറഞ്ഞു.

ഒരു കടലാസ് കഥ

രേഷ്മ അശോകൻ

കോട്ടയം: സിലിഗുരി ആർട്ടിൽ ഉയരങ്ങൾ കീഴടക്കുകയാണ് കോട്ടയം മണർകാട് സ്വദേശി ആഷ അനീഷ്.

പതിനഞ്ചാം നൂറ്റാണ്ടിൽ ഈജിപ്തിലെ ദേവാലയങ്ങളിൽ ആരാധനയ്ക്കായി ഉപയോഗിച്ചിരുന്ന സിലിഗുരി ആർട്ട് കേരളത്തിൽ പ്രസിദ്ധമാക്കിയതിൽ ആഷയുടെ കരവിരുതുമുണ്ട്.

ക്വിൽഡ് പേപ്പർകൊണ്ട് നിർമിക്കുന്ന കമ്മലുകൾ ജനങ്ങൾക്കിടയിൽ തരംഗം സൃഷ്ടിച്ചിരുന്നു. അത്തരം പേപ്പറുകളാണ് സിലിഗുരി ആർട്ടിനും ഉപയോഗിക്കുന്നത്.

ചിത്രം വരച്ച് പെയിന്റ് ചെയ്തതിന് ശേഷം ഫെവിക്കോൾ ഉപയോഗിച്ചു ക്വിൽഡ് പേപ്പർ ചുരുട്ടി ഒട്ടിക്കുന്നതാണ് സിലിഗുരി ആർട്ടിന്റെ രീതി.

മലയാള മനോരമയുടെ പരസ്യ മേഖലയിൽ ഗ്രാഫിക് ഡിസൈനറായി പ്രവർത്തിക്കുന്ന സമയത്താണ് ജോലിക്കൊപ്പം സിലിഗുരി വർക്കുകളും ആഷ ചെയ്ത് തുടങ്ങിയത്.

അവയ്ക്കെല്ലാം പ്രദർശനങ്ങളിൽ സ്വീകാര്യത കിട്ടിയതോടെ മുഴുവൻ സമയ ജോലിയായി ക്വിൽഡ് വർക്ക് മാറി.

സിനിമ, രാഷ്ട്രീയ മേഖലകളിലെ പ്രമുഖരിൽ പലർക്കും ആഷ വർക്കുകൾ ചെയ്ത് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രി കെ.രാധാകൃഷ്ണൻ, വീണാ ജോർജ്, മുൻ ഡിജിപി ലോകനാഥ് ബെഹ്റ, നടന്മാരായ മോഹൻലാൽ, സുരേഷ്ഗോപി, ജയസൂര്യ തുടങ്ങി നീണ്ടു പോകുന്നു പ്രശസ്തരുടെ നിര.

സമീപ കാലത്ത് ഡൽഹി മലയാളി കുടുംബം 12 ലക്ഷം വില നൽകി സ്വന്തമാക്കിയ കഥകളിയുടെ ചിത്രമാണ് ഏറെ സമയമെടുത്തു ചെയ്ത സിലിഗുരി വർക്കുകളിലൊന്ന്.

ലോക്ഡൗൺ കാലത്ത് ആരംഭിച്ച ഈ വർക്ക് ചെയ്യാനായി 6 മാസത്തോളം സമയമെടുത്തെന്ന് ആഷ പറഞ്ഞു.

മുൻപ് വിറ്റ് പോയ കഥകളിയുടെ സിലിഗുരി വർക്ക് സംസ്ഥാന അവാർഡ് പരിഗണനയ്ക്കായി സമർപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ് ആഷ.

കൂടാതെ ദേശീയ അവാർഡ് പരിഗണനയ്ക്കായി ശ്രീരാമന്റെ സിലിഗുരി വർക്കും ആഷയുടെ പണിപ്പുരയിൽ പുരോഗമിക്കുകയാണ്.

നിലവിൽ കോവളം ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജുമായി ബന്ധപ്പെട്ടു പ്രവത്തിക്കുന്നതിനാൽ കഴിഞ്ഞ 2 വർഷമായി ആഷ തിരുവനന്തപുരത്താണ് താമസം. ഭർത്താവ് അനീഷും, പത്തിലും ഏഴിലും പഠിക്കുന്ന മക്കൾ കാശിനാഥും, ദേവനന്ദയുമാണ് ആഷയുടെ പിന്തുണ.

മിനിയേച്ചർ രൂപങ്ങൾ നിർമ്മിച്ചും, ചിത്രങ്ങൾ വരച്ചും കാശിനാഥും ദേവനന്ദയും അമ്മയ്ക്കൊപ്പമുണ്ട്.

കടലാസിലും കഥകളി.......ആഷ സിലിഗുരി വർക്കിന് സമീപം
ചിത്രം: രേഷ്മ

നാളികേരത്തിൽ മിനുക്കിയ വിജയഗാഥ

ദേവിക ആർ നായർ

തിരുവനന്തപുരം: തേങ്ങയിൽ നിന്ന് ഒരു കുരങ്ങൻ പിറവി എടുത്താലോ, കുരങ്ങൻ മാത്രമല്ല നായയും ക്ലോക്കും ബുദ്ധനും ഗണപതിയും എന്തിനേറെ കഥകളി രൂപങ്ങൾപോലും തേങ്ങയിൽ നിന്ന് സൃഷ്ടിക്കാനാകുമെന്ന് തെളിയിച്ചിരിക്കുകയാണ് കോവളം ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിലെ ശില്പി എ പ്രതാപൻ.

മുപ്പത്തഞ്ച് വർഷം മുൻപ് തേങ്ങയിൽ തീർത്ത കുരങ്ങന്റെ രൂപം സ്വന്തം കരകൗശല വർക്ക്ഷോപ്പിൽ നിന്ന് വിനോദസഞ്ചാരി വാങ്ങിയതോടെയാണ് ഇത്തരം ശില്പ നിർമാണത്തിലേയ്ക്ക് അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചത്.

അന്ന് വിനോദത്തിനായി ചെയ്ത കലാവസ്തുവാണ് ഇന്നദ്ദേഹത്തിന്റെ വഴികാട്ടി.

കരകൗശലവികസന കോർപ്പറേഷൻ, സെൻട്രൽ കോട്ടേജ് ഇൻഡസ്ട്രീസ്, ഇന്ത്യയിലെ വിവിധ വിമാനത്താവളങ്ങൾ എന്നിവിടങ്ങളിലെല്ലാം പ്രതാപന്റെ ശില്പം വിൽപ്പനയ്ക്കായി പ്രദർശിപ്പിച്ചിട്ടുണ്ട്.

പ്രധാനമായും നെയ്യാറ്റിൻകരയിലും പരിസരപ്രദേശങ്ങളിലും നിന്നുമാണ് നിർമാണത്തിനാവശ്യമായ തേങ്ങ ശേഖരിക്കുന്നത്.

കേരഭംഗിയ്ക്കരികെ.....സ്വന്തമായി നിർമിച്ച ശില്പങ്ങൾക്കരികെ എ പ്രതാപൻ

പഴുത്തുണങ്ങിയ തേങ്ങകൾ മാത്രമാണ് നിർമാണത്തിനായി ഉപയോഗിക്കുന്നത്.

ഒറ്റ തേങ്ങയിൽ തീർത്തതുമുതൽ മുപ്പതോളം തേങ്ങകൾ കൂട്ടിയിണക്കി രൂപപ്പെടുത്തിയ വലിയ ശില്പങ്ങൾ വരെ പ്രതാപന്റെ പണിപ്പുരയിൽ പിറവിയെടുക്കുന്നു.

ഇവയ്ക്കൊക്കെ ആവശ്യക്കാരേറെയാണ്.

വിദേശികളുൾപ്പെടെ ധാരാളം സഞ്ചാരികളാണ് പ്രതാപന്റെ കടയിലെത്തുന്നത്.

തേങ്ങയിൽ കൊത്തിയെടുത്ത് അതിനുശേഷം അവയുടെ ഏതെങ്കിലുമൊരു വശം തുളച്ച് ഉൾഭാഗം നീക്കംചെയ്ത് അടച്ചു വയ്ക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ ഇവ കാലങ്ങളോളം കേടുകൂടാതിരിക്കുകയും ചെയ്യുന്നു.

പൂർണമായും പ്രകൃതിയോടിണങ്ങിയുള്ള നിർമാണരീതിയാണ് പ്രതാപൻ പിൻതുടരുന്നത്.

മുൻപ് തേങ്ങയിൽ നിന്നുള്ള കരകൗശല വസ്തുക്കൾ വിൽക്കുന്നതിനും, ശില്പ നിർമാണത്തിൽ പരിശീലനം നൽകുന്നതിനുമായി സെക്രട്ടേറിയറ്റിനു സമീപം പ്രതാപന്റെ നേതൃത്വത്തിൽ ഒരു യൂണിറ്റ് പ്രവർത്തിച്ചിരുന്നു.

അവിടെ അദ്ദേഹം നിരവധി പേർക്ക് തൊഴിൽ നൽകിയിരുന്നു. 1995 ൽ കരകൗശല വികസന കമ്മീഷന്റെയും 2012 ൽ നാളികേരവികസന ബോർഡിന്റെയും ദേശീയ അവാർഡുകൾ പ്രതാപന് ലഭിച്ചിട്ടുണ്ട്.

കരകൗശല നിർമാണത്തിൽ പരിശീലനം നൽകുന്നതിനും, മേഖലയിലേയ്ക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനുമായി നാളികേരവികസന ബോർഡ് സംഘടിപ്പിക്കുന്ന വിവിധ പഠന പരിപാടികളിലും പ്രതാപൻ ക്ലാസ്സുകളെടുക്കാറുണ്ട്.

പതിനെട്ട് വർഷത്തോളം കരകൗശല നിർമാണ ദേശീയ അവാർഡ് ജൂറിയിലും സംസ്ഥാന അവാർഡ് ജൂറിയിലും അംഗമായിരുന്ന പ്രതാപൻ ഇതിനോടകം ഇന്ത്യ മുഴുവനും സന്ദർശിച്ചു കഴിഞ്ഞു.

കൂടാതെ വിദേശരാജ്യങ്ങളിലും അദ്ദേഹം ശില്പങ്ങളുടെ പ്രദർശനം നടത്തിയിട്ടുണ്ട്.

എഡിറ്റർ : ദേവിക ആർ നായർ
സബ് എഡിറ്റർ : സിബിന സണ്ണി, സീനോ സാജു, അബു ഫിലിപ്പ്, രേഷ്മ അശോകൻ